117/DGE/HSE/NSS/2022


പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com


തീയതി : 12.12.2022

# സർക്കുലർ

**വിഷയം** : 'വെളിച്ചം-2022' സപ്തദിന സഹവാസക്യാമ്പിൽ രണ്ടാം വർഷ വോളന്റിയർമാരെ പങ്കെടുപ്പിക്കുന്നത് - സംബന്ധിച്ച്.

രണ്ടാം വർഷ എൻ.എസ്.എസ്. വോളന്റിയർമാർക്കായി 2022 ആഗസ്റ്റ് 12 മുതൽ 18 വരെ സംഘടിപ്പിച്ച 'സ്വാതന്ത്ര്യാമൃതം -2022' സപ്തദിന സഹവാസക്യാമ്പിൽ പങ്കെടുക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക അനുമതിയോടെ 'വെളിച്ചം-2022' സപ്തദിനസഹവാസക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. 'സ്വാതന്ത്ര്യാമൃതം -2022' ക്യാമ്പിൽ ഭാഗികമായി പങ്കെടുത്തവർക്ക് അവർ ഹാജരാകാത്ത ദിവസങ്ങളുടെ കുറവ് 'വെളിച്ചം -2022' ൽ പങ്കെടുത്ത് പരിഹരിക്കാവുന്നതാണ്.

ഇത്തരത്തിൽ പങ്കെടുക്കുന്നതിനായി എൻ.എസ്.എസ്. സെല്ലിന്റെ അനുമതിക്കായി അപേക്ഷകൾ ജില്ലാ/റീജിയണൽ കൺവീനർമാർവഴി സമർപ്പിക്കേണ്ടതാണ്. ടി വോളന്റിയർമാരുടെ അപേക്ഷയോടൊപ്പം യൂണിറ്റിലെ എൻറോൾമെന്റ് രജിസ്റ്ററിൽ നിന്നും ടി വോളന്റിയർ ഉൾപ്പെട്ട ലിസ്റ്റിന്റെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, 2021-22, 2022-23 റഗുലർ ആക്ടിവിറ്റി അറ്റൻഡൻസിന്റെ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ പകർപ്പും വോളന്റിയർക്ക് ക്യാമ്പിൽ പങ്കെടുക്കാൻ സാധിക്കാത്തതിന്റെ കാരണവും (മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ്) 2022 ഡിസംബർ 17 ന് മുൻപായി ഹാജരാക്കേണ്ടതാണ്. ടി അപേക്ഷകൾ ക്രോഡീകരിച്ച് റീജിയണൽ കൺവീനർമാർ ഡിസംബർ 20 നു മുൻപായി എൻ.എസ്.എസ്. സെല്ലിൽ എത്തിക്കേണ്ടതാണ്. ഡിസംബർ 17 നു ശേഷം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ റീജിയണൽ കൺവീനർമാർ പരിഗണിക്കേണ്ടതില്ല.

പ്രോഗ്രാം കോ-ഓർഡിനേറ്റർ